എം.എൽ.എ.-മാർക്കുള്ള ഡയറി, കലണ്ടർ, ഡെയ്‌ലി റിമംബറൻസ് എന്നിവയുടെ വിതരണം

190 (1606) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രസ് മുഖേന എം.എൽ.എ.-മാർക്ക് ഡയറി, കലണ്ടർ, ഡെയ്‌ലി റിമംബറൻസ് എന്നിവ വർഷങ്ങളിൽ എത്രയെണ്ണമാണ് വിതരണം ചെയ്യുന്നത് ;

(ബി) ഇവ ലഭ്യമാക്കുന്നതിന്റെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓരോ എം.എൽ.എ.-മാർക്കും 100 ഡയറി, 50 കലണ്ടർ, 3 ദിനസ്മരണ എന്നിവ വീതമാണ് വിതരണം ചെയ്യുന്നത്.

(ബി) എം.എൽ.എ.-മാർക്ക് ഡയറി, കലണ്ടർ, ദിനസ്മരണ എന്നിവ വിതരണം ചെയ്യുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല.

ടോണറുകളും കാടിഡ്ജുകളും സപ്ലൈ ചെയ്യുന്ന ഏജൻസികൾ

191 (1607) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും ആഫീസുകളിലും ഔദ്യോഗിക വസതികളിലും കമ്പ്യൂട്ടറുകൾക്കും ഫോട്ടോസ്റ്റാറ്റ് മെഷീനുകൾക്കും ആവശ്യമായ ടോണറുകളും കാടിഡ്ജുകളും സപ്ലൈ ചെയ്യുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഏജൻസികൾ ഈ ഇനങ്ങൾക്ക് ഈടാക്കുന്ന നിരക്കുകൾ വിശദമാക്കാമോ ;

(സി) സപ്ലൈ ചെയ്യുന്ന ടോണറുകളുടേയും കാടിഡ്ജുകളുടെയും ക്വാളിറ്റിയും അളവും ഉറപ്പാക്കുന്നത് ഏത് തലത്തിലാണെന്ന് വിശദമാക്കാമോ ;

(ഡി) ഇവ സപ്ലൈ ചെയ്യുന്ന കമ്പനികളും ഏജൻസികളും ബന്ധപ്പെട്ട വകുപ്പുകളിലെ ചില ഉദ്യോഗസ്ഥന്മാരും ചേർന്ന് നടത്തി വരുന്നതായി പറയപ്പെടുന്ന തട്ടിപ്പ് സംബന്ധിച്ച് എപ്പോഴെങ്കിലും വിദഗ്ധ പരിശോധന നടത്തിയിട്ടുണ്ടോ ;

(ഇ) ഇവയ്ക്ക് ക്വാളിറ്റിയും നിശ്ചിത അളവും കുറഞ്ഞ നിരക്കും ഉറപ്പു വരുത്തുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മന്ത്രിമാരുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും ആഫീസുകളിൽ കമ്പ്യൂട്ടർ പ്രിന്റർ ടോണറുകൾ വിതരണം ചെയ്യുന്നത് (ഒറിജിനലും കോമ്പാറ്റിബിളും) കെൽട്രോൺ ആണ്. ഫോട്ടോ കോപ്പിയർ ടോണർ വതിരണക്കാർ താഴെപ്പറയും പ്രകാരമാണ് :

സിറോക്സ്	-	ദിവ്യ ബിസിനസ്സ് സിസ്റ്റംസ്, തിരുവനന്തപുരം
കാനൻ	-	കാർത്തിക് സിസ്റ്റംസ്, തിരുവനന്തപുരം & കാൻലിങ്ക്സ്, തിരുവനന്തപുരം
ഷാർപ്പ്	-	കെ.എം. ടെക്നോളജീസ്, കോട്ടയം& ബെസ്റ്റ് ഓഫ് ഫൈൻ സിസ്റ്റംസ്, കൊച്ചി
റിക്കോ	-	ഐശ്വര്യ സിസ്റ്റംസ്, തിരുവനന്തപുരം
തോഷിബ	-	ഗ്ലോബൽ സിസ്റ്റംസ്, തിരുവനന്തപുരം & എച്ച്. ആർ. അസോസിയേറ്റ്സ്, തിരുവനന്തപുരം
കോണിക്ക മിനോൾട്ട	-	ഗ്ലോബൽ സിസ്റ്റംസ്, തിരുവനന്തപുരം
കോയിസേറ	-	യൂണിവേഴ്സൽ ഓട്ടോമേഷൻ സർവ്വീസസ്, തിരുവനന്തപുരം.

മന്ത്രിമാരുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളിലുള്ള കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും കെൽട്രോണിൽനിന്നാണ് വാങ്ങി നൽകിയിട്ടുള്ളത്. അവയുടെ ടോണറുകളും കാടിഡ്ജുകളും തീരുന്ന മുറയ്ക്ക് റീ-മാനുഫാക്ചർ ചെയ്യുന്നതിനും റീഫിൽ ചെയ്യുന്നതിനും ഇ-സ്കയർ ടെക്നോളജീസ്, തിരുവനന്തപുരം എന്ന സ്ഥാപനവുമായി ടൂറിസം വകുപ്പ് കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി) മന്ത്രിമാരുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും ആഫീസുകളിൽ വിതരണം ചെയ്യുന്നതിന്റെ നിരക്ക് അനുബന്ധം എ-യിലും മന്ത്രിമാരുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളിൽ വിതരണം ചെയ്യുന്നതിന്റെ നിരക്ക് അനുബന്ധം ബി-യിലും ചേർത്തിട്ടുണ്ട്.*

(സി) ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷമാണ് വാങ്ങുന്നത്. ഗുണനിലവാരം കുറഞ്ഞത് തിരികെ നൽകി പകരം ഗുണനിലവാരമുള്ളത് വാങ്ങുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ക്വാളിറ്റി ഉറപ്പുവരുത്തിയ ഏറ്റവും കുറഞ്ഞ ടെണ്ടറാണ് ഇതുവരെയും സ്വീകരിച്ചിട്ടുള്ളത്. നീഫില്ലിംഗ്/റീ-മാനുഫാക്ചറിംഗ് എന്നിവയ്ക്ക് മതസരാധിഷ്ഠിത കമ്പോളനിരക്കുകൾ ക്ഷണിച്ചതിനുശേഷമാണ് ഈവയിലെ കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

അത്തൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

192 (1608) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തൂർ മണ്ഡലത്തിൽ പഞ്ചായത്ത് വകുപ്പുവഴി എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ള തെന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

അത്തൂർ മണ്ഡലത്തിൽ പഞ്ചായത്ത് വകുപ്പുവഴി നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആശ്രിത നിയമനം

193 (1609) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കര ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം റോഡ് സ്വീപ്പർ ആയി ജോലി ചെയ്തിരുന്ന രാജീവൻ സി.എച്ച്.-ന്റെ മരണശേഷം ഭാര്യ പത്മജയ്ക്ക് ജോലി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ ;

(ബി) സെക്രട്ടറിയറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഇ.പി.എ.3/72922/13 ഫയൽ തീർപ്പ് കൽപ്പിച്ച് നിയമനം നൽകുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പത്മജയ്ക്ക് ആശ്രിതനിയമനം എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം റോഡ് സ്വീപ്പറായി ജോലി നോക്കിവരവേ മരണമടഞ്ഞ രാജീവൻ. സി. എച്ച്.-ന്റെ വിധവയും അനന്തരാവകാശിയുമായ ശ്രീമതി പത്മജ. എം. സമർപ്പിച്ച അപേക്ഷ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly